# യഥാർത്ഥ പാതയിൽ നിന്നും വ്യതിചലിക്കുന്ന

# രണ്ടു വഴികൾ

(ഇമാം ബർബഹാരി റഹിമഹുല്ലാഹ് യുടെ
ശറഹുസ്സുന്നയുടെ വിശദീകരണത്തിൽ നിന്ന്)


**ശൈഖ് സ്വാലിഹ് ബിൻ ഫൗസാൻ**

**حفظه الله**

(സൗദി അറേബ്യയുടെ ഉന്നതപണ്ഡിതസഭാംഗം)

# ആമുഖം

بسم الله الرحمن الرحيم

الحمد لله رب العالمين والعاقبة للمتقين وصلى الله وسلم على بينا محمد وعلى آله وصحبه أجمعين. أما بعد.

ഇസ്ലാം പൂർണമാക്കപ്പെട്ടു എന്നത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളിൽ പെട്ട ഒന്നാണ്. നേരായ ആ പാതയിൽ നമ്മെ വിട്ടേച്ചു കൊണ്ടാണ് നബി صلى الله عليه وسلم മരണമടഞ്ഞത്. നശിച്ചവനല്ലാതെ അതിൽ നിന്നും വഴി തെറ്റിപ്പോകുന്നതല്ല.

മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലും നാലാം നൂറ്റാണ്ടിലെ ആദിയിലുമായി ഉണ്ടായിരുന്ന പണ്ഡിതന്മാരിലെ നേതാക്കളിൽ പെട്ട ഒരാളായിരുന്നു, സുന്നത്തിന്റെ സഹായിയും ബിദ്അത്തിനെ ഉന്മൂലനം ചെയ്യുവാൻ ശ്രമിച്ച വ്യക്തിയുമായ അബൂ മുഹമ്മദ് അൽ-ഹസൻ ബ്നു അലിയ്യ് അൽ-ബർബഹാരി. അഹ്ലുസ്സുന്നയുടെ അഖീദഃ വിശുദ്ധ ഖുർആനിനും നബി صلى الله عليه وسلم യുടെ ചര്യക്കനുസൃതവുമായി അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു. ബിദ്അത്തുകാരുടെ പൊള്ളവാദങ്ങൾ വെളിച്ചത്ത് കൊണ്ട് വന്നു. അവർ മറച്ചു വെച്ച അവരുടെ ഗൂഢ തന്ത്രങ്ങളുടെ മറ അദ്ദേഹം നീക്കി. അദ്ദേഹത്തിന്റെ കൃതികളിൽപ്പെട്ട വിലയേറിയ ഒന്നാണ് **ശറഹുസ്സുന്ന.** പ്രഗത്ഭ പണ്ഡിതനും, എഴുത്തുകാരനും , സൗദി അറേബ്യയിലെ ഫത്വക്കു വേണ്ടി നിയുക്തരായ ഉന്നത പണ്ഡിത സഭയിലെ അംഗവുമായ **ശൈഖ് സ്വാലിഹ് ബ്നു ഫൌസാൻ ബ്നു അബ്ദുല്ലാഹ് അൽ ഫൌസാൻ حفظه الله ,** ശറഹുസ്സുന്നയുടെ വിശദീകരണം രചിച്ചതിൽ നിന്നുള്ള ഒരു ചെറിയ ഭാഗമാണ് നിങ്ങളിലേക്ക് എത്തിക്കുന്നത്. തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ ക്ഷമിക്കുക. സത്യം മനസ്സിലാക്കാനും അതനുസരിച്ച് ജീവിതത്തിൽ പുലർത്താനും അല്ലാഹു നമുക്ക് എല്ലാവർക്കും തൌഫീഖ് നൽകട്ടെ... ആമീൻ

# ഇമാം അൽ ബർബഹാരി رحمه الله യുടെ സംക്ഷിപ്ത ചരിത്രം

**അൽ ഹസൻ ബിൻ അലിയ്യ് ബിൻ ഖലഫ് അൽ ബർബഹാരി** رحمه الله എന്നതാണ് പൂർണനാമം. അബൂ മുഹമ്മദ് എന്നതാണ് വിളിപ്പേര്. ഇറാഖിലെ ബഗ്ദാദ് നിവാസികൾക്കിടയിൽ അദ്ദേഹത്തിനുണ്ടായിരുന്ന പേരും പ്രശസ്തിയും ഇമാം അഹ്മദ് ബിൻ ഹംബലി رحمه الله ന്റെ ശിഷ്യഗണങ്ങളോടൊത്തുള്ള അദ്ദേഹത്തിന്റെ ജീവിതവും സഹവാസവും അറിയിക്കുന്നത് അദ്ദേഹം ബഗ്ദാദിൽ ജനിച്ചു വളർന്നു എന്നാണ്. ഇമാം അഹ്മദ് ബിൻ ഹംബലി رحمه الله ന്റെ ഉന്നത ശിഷ്യരിൽ നിന്നാണ് അദ്ദേഹം വിദ്യനേടിയത്. അവരിൽ ചരിത്രം പ്രത്യേകം പേര് നൽകിയ രണ്ട് പേർ :

1. അഹ്മദ് ബിൻ മുഹമ്മദ് അബൂബക്കർ അൽ മർവസിജ, ഹി. 275 ലാണ് അദ്ദേഹം മരണപ്പെട്ടത്.

2. സഹ്ല് ബിൻ അബ്ദില്ലാഹ് അബൂ മുഹമ്മദ് അത്തസ്തുരി رحمه الله , ഹി. 283 ലാണ് അദ്ദേഹം മരണപ്പെട്ടത്.

സത്യം സധൈര്യം പ്രഖ്യാപിക്കുകയും സുന്നത്തിലേക്ക് ക്ഷണിക്കുകയും 'അഥറുകൾ' പിൻപറ്റുകയും ചെയ്തിരുന്ന മഹാനായിരുന്നു ഇമാം ബർബഹാരി. അദ്ദേഹത്തിന്റെ സദസ്സുകൾ പണ്ഡിത ശ്രേഷ്ഠരാൽ നിറഞ്ഞതും ഹദീഥ്, അഥർ, ഫിക്ഹ് എന്നീ വിജ്ഞാനങ്ങളുടേതുമായിരുന്നു. ബിദ്അത്തുകളോടും ബിദ്ഈ കക്ഷികളോടും തന്നിഷ്ടക്കാരോടും കഠിനനായിരുന്നു അദ്ദേഹം. സാധാരണക്കാരും പ്രത്യേകക്കാരും ഒരുപോലെ ആദരിക്കുമാറ് ഉന്നത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. ഭൗതിക വിരക്തിയും ലാളിത്യവും വിനയവും അദ്ദേഹത്തിന്റെ ജീവിതത്തിൽ നന്നായി നിഴലിച്ചിരുന്നത് അദ്ദേഹത്തിന്റെ ചരിത്രമെഴുതിയവർ രേഖപ്പെടുത്തിയിട്ടുണ്ട്. അബുൽ ഹസൻ ബിൻ ബശ്ശാർ പറയുന്നു: 'ഇമാം ബർബഹാരി തന്റെ പിതാവിന്റെ അനന്തരസ്വത്തിൽ നിന്നും എഴുപതിനായിരം ദിർഹമുകൾ വേണ്ടെന്ന് വെച്ചു.' ഗ്രന്ഥ രചനകളും ശിഷ്യന്മാരും ധാരാളമുള്ള പണ്ഡിത ശ്രേഷ്ഠനായിരുന്നു ഇമാം ബർബഹാരി എന്നതിലേക്ക് ചരിത്രം വെളിച്ചമേകുന്നുണ്ട്. ഇമാം ബിൻ ബത്ത്വ رحمه الله , ഇമാം മുഹമ്മദ് ബിൻ ഇസ്മാഈൽ അൽ ബഗ്ദാദി رحمه الله , അഹ്മദ് ബിൻ കാമിൽ അബൂബക്കർ തുടങ്ങിയവർ അദ്ദേഹത്തിന്റെ പ്രബല ശിഷ്യരാണ്. ബിദ്ഈ കക്ഷികളും തന്നിഷ്ടക്കാരും ഭരണാധികാരികളെ സ്വാധീനിച്ച് കടുത്ത പരീക്ഷണങ്ങൾ അദ്ദേഹത്തിനെതിരിൽ പ്രയോഗിച്ചിരുന്നു. ഹിജ്റയുടെ 329ാം വർഷം അദ്ദേഹം പരലോകം പൂകി.

അല്ലാഹു سبحانه وتعالى അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും പ്രധാനം ചെയ്യുമാറാകട്ടെ.....

اعلم أن الخروج عن الطريق على وجهين أما أحدهما فرجل قد زل عن الطريق وهو لا يريد إلا الخير فلا يقتدى بزلله فإنه هالك ورجل عاند الحق وخالف من كان قبله من المتقين فهو ضال مضل شيطان مريد في هذه الأمة حقيق على من عرفه أن يحذر الناس منه ويبين لهم قصته لئلا يقع في بدعته أحد فيهلك .

**നീ അറിയുക തീർച്ചയായും സന്മാർഗത്തിൽ നിന്നും വ്യതിചലിക്കൽ രണ്ട് രൂപത്തിലാണ്.**

**ഒന്ന് : നന്മ മാത്രം ഉദ്ദേശിച്ചു കൊണ്ട് സമാർഗത്തിൽ നിന്നും വ്യതിചലിച്ചു പോയവൻ. എന്നാൽ അവന്റെ തെറ്റ് പിന്തുടരപ്പെടാവുന്നതല്ല. കാരണം അവൻ നാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്നവനാണ്.**

**രണ്ട് : മനപ്പൂർവ്വം സത്യത്തെ എതിർക്കുകയും തനിക്കു മുമ്പുണ്ടായിരുന്ന സൂക്ഷ്മത പാലിക്കുന്ന ആളുകൾക്ക് വിപരീതമായി പ്രവർത്തിക്കുകയും ചെയ്യുന്നവൻ. ആകയാൽ അവൻ സ്വയം വഴിപിഴച്ചവനും മറ്റുള്ളവരെ വഴിപിഴപ്പിക്കുന്നവനും ഈ ഉമ്മത്തിലെ പ്രശ്നക്കാരനായ പിശാചുമാണ്. അവനെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകലും അവൻറെ അവസ്ഥ വിശദീകരിച്ചു കൊടുക്കലും അവനെ അറിയാവുന്ന ഓരോരുത്തരുടേയും ബാധ്യതയാണ്. അവന്റെ ബിദ്അത്തിൽ വീണ് ഒരാളും നശിച്ചു പോകാതിരിക്കാൻ വേണ്ടിയത്രെ അത് .**

ശൈഖ് റഹിമഹുല്ലാഹ് ഇതിനു മുമ്പത്തെ ഭാഗത്തിൽ വിശദീകരിച്ചത് അഖീദയിൽ ഒരു മുസ്‌ലിം നിർബന്ധമായും പിൻപറ്റേണ്ട ശരിയായ പാതയെ കുറിച്ച് വിശദീകരിച്ച ശേഷം, പിന്നീട് അദ്ദേഹം പ്രതിപാദിച്ചത് ഇതിൽ നിന്ന് വഴി തെറ്റുന്നവൻ രണ്ടിലൊരു കൂട്ടരാകുന്നു എന്നാണ്. ഒന്നാമത്തവൻ : അവൻ അതിൽ നിന്ന് വ്യതിചലിക്കുന്നത് മനപ്പൂർവ്വമല്ല, മറിച്ച് അവൻ നന്മ ഉദ്ദേശിച്ച് കൊണ്ട് മാത്രമായിരിക്കും..എന്നിരുന്നാലും അവൻ നന്മയുടെ പാത വിട്ട് മറ്റൊരു പാതയാണ് പിൻപറ്റുന്നത്. അവന്റെ ഉദ്ദേശം നന്മയും സദ്‌വൃത്തതയും ആയാലും തന്നെ ശരി, അവന്റെ വ്യക്തിപരമായ അനുമാനങ്ങൾ അവന് പര്യാപ്തമാവുകയില്ല. മറിച്ച് അതോടൊപ്പം അവൻ ശരിയായ പാതയിലുമായിരിക്കണം.

ഈ വ്യക്തിയേയും പിഴച്ചവരുടെ കൂട്ടത്തിൽ ഒരാളായി തന്നെയാണ് കണക്കാക്കുക. ഈ വ്യക്തി സത്യത്തിൽ നിന്ന് വ്യതിചലിക്കാൻ ഉദ്ദേശിച്ചിരുന്നില്ലെങ്കിലും സത്യമായിരുന്ന അവന്റെ ലക്ഷ്യമെങ്കിലും, ഏതൊരുവൻ ആ വ്യക്തിയുടെ തെറ്റ് മനസ്സിലാക്കിയിട്ടും, അതിൽ യോജിക്കുകയും അയാളുടെ കൂടെ ആ വഴികേടിൽ മുന്നോട്ട് പോവുകയും ചെയ്യുന്നുവോ, അവൻ നശിപ്പിക്കപ്പെട്ടു. കാരണം ആ പാത നാശത്തിലേക്ക് നയിക്കുന്നതാണ്. ഇതാണ് അഖീദയുടെ (വിശ്വാസവും പ്രമാണവും) അറിവിന്റെ വിഷയത്തിൽ തന്റേതായ പുത്തൻ ആശയങ്ങൾ കൊണ്ട് വരുന്ന പലരുടെയും അവസ്ഥ. അതുകൊണ്ട് ഈ കാര്യം അനുവദനീയമല്ല,അവരെ അതിൽ പിൻപറ്റാനും പാടില്ല, ആ വ്യക്തി ശരിയിലുമല്ല.

അല്ലാഹു പറയുന്നു:

وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِ

**"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും."**

(സൂറ:അൻആം:153)

അത്കൊണ്ട് തന്നെ ഏതൊന്നാണ് നേരായ പാതയിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കുന്നത്, അതിനെ നമ്മൾ തള്ളിക്കളയുന്നു. ആ പാതയിലുള്ള വ്യക്തി നന്മയാണ് ഉദ്ദേശിക്കുന്നതെങ്കിലും, അയാളുടെ ലക്ഷ്യം നന്മയാണെങ്കിലും, അപ്പോഴും നമ്മൾ അയാളെ അതിൽ പിൻപറ്റുകയില്ല. പിന്നെ അയാൾ, അയാളുടെ തെറ്റുകളിൽ തുടരുകയാണെങ്കിൽ, അയാൾ നാശത്തിലേക്ക് നീങ്ങും, കാരണം ഏതൊരുവൻ അവന്റെ യാത്രയിൽ ശരിയായ പാതയെ ഉപേക്ഷിക്കുകയും, തന്നെ നാശത്തിലേക്ക് നയിക്കുന്ന പാത തിരഞ്ഞെടുക്കുകയും ചെയ്യുന്നുവോ, അവൻ നശിച്ച് പോകുന്നതാണ്.

രണ്ടാമത്തെ വ്യക്തി:

അവൻ മനപ്പൂർവം പുറത്തേക്ക് പോയ വ്യക്തിയാണ്. അവൻ സത്യത്തെ കുറിച്ച് അറിവുള്ളവനായിരിക്കും. അവൻ ഏതൊന്നിലാണോ എത്തിപ്പെട്ടിരിക്കുന്നത്, അത് ബാത്വിലിൽ (അബദ്ധവും നിഷ്ഫലവുമായതും) ആണ് എന്ന് അവൻ അറിയും. എങ്കിലും ആളുകളെ വഴി തെറ്റിക്കണം എന്ന ഉദ്ദേശത്തോടു കൂടി തന്നെ സത്യത്തിൽ നിന്ന് മനപ്പൂർവ്വം പുറത്ത് കടന്നവനായിരിക്കും അവൻ.

അങ്ങനെ ആദ്യത്തെയാൾ, അയാളുടെ ഉദ്ദേശം ജനങ്ങളെ തിരുത്തുക എന്നതായിരുന്നു. എന്നാൽ അയാൾക്ക് യഥാർത്ഥ പാതയിൽ മുന്നേറാൻ സാധിച്ചില്ല. എങ്കിൽ രണ്ടാമത്തെയാൾ, അയാളുടെ ഉദ്ദേശം ജനങ്ങളെ വഴി തെറ്റിക്കുകയും, യഥാർത്ഥ പാതയിൽ നിന്ന് പിന്തിരിപ്പിക്കലുമാണ്. അത്കൊണ്ട് ഇയാൾ ഒരു ശൈത്വാൻ (പിശാച്) ആകുന്നു. കാരണം പിശാച് ജനങ്ങളെ നേരായ പാതയിൽ നിന്ന് വഴി തെറ്റിക്കുന്നവനാകുന്നു. ഇബ്‌ലീസ് ഉന്നതനും മഹാനുമായ റബ്ബിനോട് പറഞ്ഞതോർക്കുക.

لَأَقْعُدَنَّ لَهُمْ صِرَاطَكَ الْمُسْتَقِيمَ

**"നിന്റെ നേരായ പാതയിൽ അവർ ( മനുഷ്യർ ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും."**

(സൂറ:അഅ്റാഫ് :16)

വിശ്വാസികളെ നേരായ പാതയിൽ നിന്ന്, വ്യതിചലിച്ചവരുടെ പാതയിലേക്ക് തിരിച്ചു കളയും എന്നാണ് അവൻ ഇവിടെ ഉദ്ദേശിച്ചത്. റസൂൽ ﷺ ഇതിനെ ഒരു ഉദാഹരണത്തോടു കൂടി വിശേഷിപ്പിക്കുവാൻ വേണ്ടി ഒരു നേർവര വരച്ചു, എന്നിട്ട് അതിനു ചുറ്റും വേറെയും വരകൾ വരച്ചു. എന്നിട്ട് ആ നേരായ പാതയെ കുറിച്ച് പറഞ്ഞു:

**"ഇത് അല്ലാഹുവിന്റെ പാതയാകുന്നു."**

എന്നിട്ട് ബാക്കിയുള്ള വരകൾ കാണിച്ച് കൊണ്ട് പറഞ്ഞു :

**"ഇതാകുന്നു മറ്റുള്ള പാതകൾ, ഇതിലുള്ള ഓരോ പാതയിലും ആളുകളെ അതിലേക്ക് ക്ഷണിക്കാൻ ഒരു പിശാച് ഉണ്ടാകും."**

ഇത് ഒരു വ്യക്തമായ ഉദാഹരണമാണ്. ഇമാം ബർബഹാരി رحمه الله എന്താണോ ഇവിടെ പ്രസ്താവിച്ചത്, അത് ഇതിനോട് ചേർന്നതുമാണ്. അത്കൊണ്ട് ജനങ്ങളെ യഥാർത്ഥ പാതയിൽ നിന്നും പുത്തൻ ആചാരങ്ങളിലേക്ക് ആരാണോ വഴി തെറ്റിക്കുന്നത്, അയാൾ അവന് നന്മയല്ല ആഗ്രഹിക്കുന്നത്. അവൻ ഒരു പിശാചാകുന്നു. അവൻ ചിലപ്പോൾ ജിന്നുകളിൽ പെട്ട പിശാചോ, മനുഷ്യരിൽ പെട്ട പിശാചോ ആവാം. അത്കൊണ്ട് ആദ്യത്തേതിനെക്കുറിച്ച് ജാഗ്രത പുലർത്തുന്നതിനേക്കാൾ രണ്ടാമത്തേതിനെക്കുറിച്ചാണ് നമ്മൾ കൂടുതൽ സൂക്ഷ്മത പാലിക്കേണ്ടത്, കാരണം ഈ കൂട്ടർ മനപ്പൂർവ്വം ആളുകളെ വഴി തെറ്റിക്കാൻ ശ്രമിക്കുന്നവരാണ്.

ഇമാം ബർബഹാരി رحمه الله പറയുന്നു:

**"അവൻ വഴിപിഴച്ചനാണ്, മറ്റുള്ളവരെ വഴി പിഴപ്പിക്കുകയും ചെയ്യുന്നു. അവൻ നിഷേധിയായ പിശാചാണ്."**

അവൻ സ്വയം വഴിപിഴച്ചവനാണ്, അവൻ മറ്റുള്ളവരെ വഴിപിഴപ്പിക്കുകയും ചെയ്യുന്നു, അവൻ നിഷേധിയും ധിക്കാരിയും ആയ ചെകുത്താനുമാകുന്നു. ജനങ്ങൾ യഥാർത്ഥ പാതയിൽ നിന്ന് വഴി തെറ്റണം എന്നതാണ് അവന്റെ ആവശ്യം.

ഇമാം ബർബഹാരി رحمه الله പറയുന്നു :

**അവനെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകലും വ്യക്തമാക്കിക്കൊടുക്കലും അവനെ അറിയാവുന്ന ഓരോരുത്തരുടേയും ബാധ്യതയാണ്. അവന്റെ ബിദ്അത്തിൽ വീണ് ഒരാളും നശിച്ച് പോകാതിരിക്കാൻ വേണ്ടിയത്രെ അത് .**

സത്യത്തിൽ നിന്ന് മനപ്പൂർവ്വം വ്യതിചലിച്ച ഈ വ്യക്തിയെക്കുറിച്ച് മിണ്ടാതിരിക്കൽ അനുവദനീയമല്ല. മറിച്ച് അവന്റെ കാര്യങ്ങൾ വെളിപ്പെടുത്തലും, അവന്റെ നാണം കെട്ട അവസ്ഥ പുറത്ത് കാട്ടലും നിർബന്ധമാകുന്നു. അങ്ങനെ ജനങ്ങൾക്ക് അവനെ സംബന്ധിച്ച് കരുതിയിരിക്കാൻ സാധിക്കും. മറ്റുള്ളവരുടെ അഭിപ്രായത്തെ മാനിച്ചു കൊണ്ട്, ഇന്നത്തെ കാലത്ത് സ്ഥിരമായി പറയാറുള്ള പോലെ "ആളുകൾക്ക് അവരുടേതായ അഭിപ്രായം പറയാൻ സ്വാതന്ത്ര്യമുണ്ട്", "ആളുകൾക്ക് പ്രസംഗിക്കാൻ സ്വാതന്ത്ര്യമുണ്ടാവണം" അല്ലെങ്കിൽ "മറ്റുള്ളവരുടെ അഭിപ്രായങ്ങളെ നമ്മൾ മാനിക്കണം" എന്നൊന്നും പറയാൻ പാടുള്ളതല്ല. ഇവിടെ വിഷയം അഭിപ്രായത്തെ സംബന്ധിച്ചല്ല, ഇത്തിബാഇനെ (സത്യം പിന്തുടരപ്പെടൽ) ചോദ്യം ചെയ്യലാണ്. അല്ലാഹു നമുക്ക് നേരായ പാത ഇറക്കിത്തരികയും, വിവരിച്ച് തരികയും ചെയ്തിട്ടുണ്ട്, നമ്മോട് അതിനെ പിന്തുടരുവാനും കൽപ്പിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു :

**وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ**

**"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക."**

(സൂറ:ആൻആം :153)

അതുകൊണ്ട് തന്നെ ആരെങ്കിലും നമ്മുടെ അടുക്കലേക്ക് വരികയും, നമ്മുടെ ഈ പാതയിൽ നിന്ന് തെറ്റിക്കാൻ ശ്രമിക്കുകയും ചെയ്താൽ,

ആദ്യം നമ്മൾ അവന്റെ വാക്കുകളെ തള്ളിക്കളയും.

രണ്ടാമത് അവന്റെ കാര്യം വ്യക്തമാക്കിക്കൊടുക്കുകയും, ജനങ്ങൾക്ക് അവനെ കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്യും. അവനെ കുറിച്ച് മിണ്ടാതിരിക്കൽ അനുവദനീയമല്ല, കാരണം നമ്മൾ അവനെ കുറിച്ച് മിണ്ടാതിരുന്നാൽ, ജനങ്ങൾ അവനാൽ വഞ്ചിക്കപ്പെടും. പ്രത്യേകിച്ച് അവൻ ഒരു വാഗ്മിയും, എഴുതാനും സംസാരിക്കാനും നല്ല കഴിവുള്ള ഒരാളും സാംസ്കാരിക നായകനുമാണെങ്കിൽ ജനങ്ങൾ അവനാൽ വഞ്ചിക്കപ്പെടും. അവർ അവനെ കുറിച്ച് ഇന്നത്തെ കാലത്ത് പറയും പോലെ "ഇയാൾ യോഗ്യനാണ്" "ഇയാൾ ചിന്തിക്കുന്നവരുടെ കൂട്ടത്തിൽ പെട്ടവനാണ്" എന്നൊക്കെ പറയും.

അതുകൊണ്ട് തന്നെ ഈ വിഷയം വളരെ അപകടം പിടിച്ചതാണ്. ഇതിനെ എതിർക്കുന്നവരേയും ഖണ്ഡിക്കൽ നിർബന്ധമാണെന്നാണ് ഇത് തെളിയിക്കുന്നത്. ഇതിനെ എതിർത്ത്കൊണ്ട് "ഖണ്ഡനങ്ങൾ ഒഴിവാക്കൂ" "ആളുകളെ വെറുതെ വിടൂ" "എല്ലാവർക്കും അവന്റേതായ അഭിപ്രായവും ആത്മാഭിമാനവും ഉണ്ട്" എന്നിങ്ങനെ അവർ പറയും. ഈ രീതിയിൽ ഈ സമൂഹം നശിപ്പിക്കപ്പെടും. ജനങ്ങളുടെ ഇഷ്ടങ്ങൾക്ക് വേണ്ടി നിശബ്ദരായിരുന്നില്ല സലഫുകൾ, മറിച്ച് സലഫുകൾ അവരെ വെളിച്ചത്ത് കൊണ്ട് വരികയും ഖണ്ഡിക്കുകയും ചെയ്തു, കാരണം അവർക്ക് ഇവർ സമൂഹത്തിന് ഉണ്ടാക്കിയേക്കാവുന്ന അപകടത്തെ കുറിച്ച് ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ അവരുടെ തിന്മയെ സംബന്ധിച്ച് മിണ്ടാതിരിക്കാൻ നമുക്കും നിർവാഹമില്ല, മറിച്ച് അല്ലാഹു ഇറക്കിത്തന്നതിനെ കുറിച്ച് നമ്മൾ അവർക്ക് നിർബന്ധമായും വ്യക്തമാക്കി കൊടുക്കണം. അല്ലെങ്കിൽ സത്യം മറച്ച് വെക്കുന്ന ജനങ്ങൾ എന്ന് അല്ലാഹു പറഞ്ഞവരുടെ കൂട്ടരാവും നമ്മൾ.

**إِنَّ الَّذِينَ يَكْتُمُونَ مَا أَنزَلْنَا مِنَ الْبَيِّنَاتِ وَالْهُدَىٰ مِن بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِ أُولَٰئِكَ يَلْعَنُهُمُ اللَّهُ وَيَلْعَنُهُمُ اللَّاعِنُونَ**

**"നാമവതരിപ്പിച്ച തെളിവുകളും മാർഗദർശനവും വേദഗ്രന്ഥത്തിലൂടെ ജനങ്ങൾക്ക് നാം വിശദമാക്കികൊടുത്തതിന് ശേഷം മറച്ചുവെക്കുന്നവരാരോ അവരെ അല്ലാഹു ശപിക്കുന്നതാണ്. ശപിക്കുന്നവരൊക്കെയും അവരെ ശപിക്കുന്നതാണ്."**

(സൂറ: അൽ ബഖറ :159)

അതുകൊണ്ട് തന്നെ വിഷയം മുബ്തദിഇൽ (പുത്തൻ വാദി) പരിമിതപ്പെടുന്നില്ല. മറിച്ച് അവരെ കുറിച്ച് നിശബ്ദരായിരിക്കുന്നവരും ഈ വിഷയത്തിൽ ഉൾപ്പെടുന്നു, കാരണം കാര്യങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയും വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യേണ്ട കടമ നിർബന്ധമായതിനാൽ, കുറ്റവും ശിക്ഷയും അവർക്കും ബാധകമാണ്. ഇതാണ് അറിവിന്റെ അടിസ്ഥാനത്തിലുള്ള ഖണ്ഡനങ്ങളുടെ (റുദൂദ് )പ്രസക്തി.

ഇത് സംബന്ധിച്ച് ഇന്നത്തെ ഇസ്‌ലാമിക ഗ്രന്ഥാലയങ്ങളിൽ ധാരാളം പുസ്തകങ്ങളുണ്ട്. എല്ലാം സന്മാർഗത്തെ തെളിയിക്കുകയും ദുർമാർഗങ്ങളെ പറ്റി താക്കീത് നൽകുകയും ചെയ്യുന്ന, അത്തരത്തിലുള്ള ആളുകൾക്ക് താക്കീത് നൽകുകയും ചെയ്യുന്നു. അപ്പോൾ, ആരും തന്നെ ഏതെങ്കിലുമൊരു അഭിപ്രായം മുറുകെപ്പിടിക്കാനുള്ള സ്വാതന്ത്ര്യത്തെയോ, മറ്റുള്ളവരെ ബഹുമാനിക്കാനും സംസാരിക്കാനും ഉള്ള സ്വാതന്ത്ര്യത്തെ കുറിച്ചുള്ള ആശയങ്ങളെയോ അനുകൂലിക്കുന്നില്ല, വഴികേടിലാവാൻ മത്സരിക്കുന്നവനും സത്യം മറച്ച് വെക്കുന്നവനും ഒഴികെ.

അതുകൊണ്ട് തന്നെ നമ്മുടെ ഉദ്ദേശം സത്യം മാത്രമാണ്. നമ്മുടെ ഉദ്ദേശം ജനങ്ങളെ അക്ഷേപിക്കാലോ എതിർക്കാലോ അല്ല, മറിച്ച് സത്യം വെളിപ്പെടുത്തുക എന്നത് മാത്രമാണ് ഉദ്ദേശം. ഇത് അല്ലാഹു, പണ്ഡിതന്മാരുടെ മേൽ വെച്ച ഒരു അമാനത്ത് (വിശ്വാസവും ഉത്തരവാദിത്വവും) ആണ്. അതുകൊണ്ട് തന്നെ അത്തരം ആളുകളുടെ ഇഷ്ടത്തിനനുസരിച്ച് മിണ്ടാതിരിക്കാൻ അനുവാദമില്ല. എന്നിരുന്നാലും നിർഭാഗ്യവശാൽ, ഒരു പണ്ഡിതൻ അവരെപ്പോലെ ഉള്ളവരെ ഖണ്ഡിക്കാൻ വന്നാൽ, ദുഷിച്ച നാവുള്ളവർ പറയും "ഇയാൾ ഒരു എടുത്തു ചാട്ടക്കാരനാണ്." അതുകൊണ്ട് തന്നെ അങ്ങനെയുള്ള പണ്ഡിതൻ വിദ്ധ്യാർത്ഥികളെ, ഇത്തരത്തിലുള്ള ഫിത്‌നകളുടെ കാര്യത്തിൽ അത് പരിഹരിക്കുന്നതിന് പകരം വഞ്ചിക്കാൻ പാടില്ല.

**شرح إتحاف القاري على التعليقات شرح السنة للبربهاري لفضيلة الشيخ العلامة صالح الفوزان حفظه الله**

(volume 1,page 110-115)

## ശൈഖ് സ്വാലിഹ് അൽ ഫൌസാൻ ഹഫിളഹുല്ലാഹ് ഈ ഉദ്ധരണിയുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത ആശയങ്ങൾ:

- ❖ ആദ്യത്തെ ഒരു കൂട്ടർ, അവർ യഥാർത്ഥ പാതയിൽ നിന്ന് വഴി തെറ്റിയവരാണ്, പക്ഷെ അവർ നന്മയല്ലാതെ ആഗ്രഹിക്കുന്നില്ല.
- ➢ അവർ യഥാർത്ഥ സ്രോതസ്സുകളിൽ നിന്ന് അറിവ് ഗ്രഹിക്കുന്നില്ല, അങ്ങനെ അവർ നാശത്തിലേക്ക് നീങ്ങുന്നു.
- ➢ അറിഞ്ഞു കൊണ്ട് അയാളുടെ തെറ്റുകൾ പിന്തുടരുന്നത് നാശത്തിലേക്ക് നയിക്കുന്ന പാതയാണ്.
- ➢ ആ വ്യക്തിയെ സ്വകാര്യമായി വിളിച്ച് ഉപദേശിക്കണം (അയാൾ അയാളുടെ തെറ്റുകളിലേക്ക് ദഅ്'വ നടത്തുന്നില്ലെങ്കിൽ )
- ❖ രണ്ടാമത്തെ വിഭാഗം, അവർ മനപ്പൂർവ്വം, നിർബന്ധ ബുദ്ധിയോടെ, യാഥാർത്ഥ്യം അറിഞ്ഞു കൊണ്ട് തന്നെ യഥാർത്ഥ വഴി ഉപേക്ഷിക്കുന്നവരാണ് .
- ➢ അവൻ ആളുകളെ വഴി തെറ്റിക്കാൻ ആഗ്രഹിക്കുന്നു, അവൻ പിശാചാണ്.
- ➢ പിശാച് മനുഷ്യനെ നേരായ പാതയിൽ നിന്ന്, വഴി തെറ്റിക്കുന്നു (ആയത്തും ഹദീഥും കൊണ്ട് തെളിവ് ഉദ്ധരിക്കുന്നു.)
- ➢ ഈ വ്യക്തിയെ പറ്റി ജനങ്ങൾക്ക് താക്കീത് നൽകണം, അല്ലെങ്കിൽ അയാൾ ജനങ്ങളെ കബളിപ്പിക്കും.
- ➢ ഇത് അറിവിന്റെ അടിസ്ഥാനത്തിൽ ഉള്ള ഖണ്ഡനമാകുന്നു, റ്ദ്ദ്.
- ➢ സത്യം വ്യക്തമാക്കുക എന്നത് അല്ലാഹു പണ്ഡിതന്മാർക്ക് മേലെ വെച്ചിട്ടുള്ള വിശ്വാസവും ഉത്തരവാദിത്വവുമാണ്.
- ➢ ആളുകളെ വഴി തെറ്റിക്കുന്നവരെ കുറിച്ച് മിണ്ടാതിരിക്കൽ സത്യം മറച്ചു വെക്കലാണ്.

അൽ ഉലൂം മലയാളം
www.aloloommalayalam.com